സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി

*വ. (൨൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി:)

(എ) ചില ഭേദഗതികൾ വരുത്തുവാൻ ആലോചിച്ചു വരുന്നുണ്ടു്.

(ബി) പൂർത്തിയാകാതെ പറയുവാൻ നിവൃത്തിയില്ല. ഗവർമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്ന കാര്യമാണു് ഇതു്.

ശ്രീ. എ. താണുപിള്ള: മുൻപിലത്തെ വിദ്യാഭ്യാസപദ്ധതി അനുസരിച്ചു് ഇപ്പോൾ നടപ്പിൽ വരുത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു മറുപടി പറഞ്ഞിട്ടുണ്ടു്. അതിൽനിന്നു ഏതെങ്കിലും ഒരു മാറ്റം ഇപ്പോൾ വരുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ചില മാറ്റങ്ങൾ വരുത്തുവാൻ ആലോചിച്ചുവരുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. എ. താണുപിള്ള: ട്യൂഷറിയിൽ പണം അടയ്ക്കണമെന്നുള്ളതു് ഫൗണ്ടേഷൻ പദ്ധതി വ്യവസ്ഥ അനുസരിച്ചുതന്നെയാണോ?

ശ്രീ. എൽ. എം. പൈലി: അതേ.

Sri. D. Gnanasigamoni: May I know whether the Secondary Education Scheme is compulsory ?

Mr. Speaker: It is a matter of interpretation.

Sri. D. Gnanasigamoni: My question arises from Mr. Thanu Pillai's question. I want to know for a fact whether the scheme is compulsory. May I know whether there is any compulsion on the part of management to remit fees collected by them ? (No Answer)

വൈസ് ചാൻസലർ

*൯. (൨൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ—

(എ) തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലർ സ്ഥാനം ഒഴിവു വന്നിട്ടു് എത്ര കാലമായി;

(ബി) പ്രസ്തുത ഒഴിവിലേയ്ക്കു് ആളിനെ നിയമിക്കുന്നതിനു ഇനിയും എത്രകാലം വേണ്ടിവരും?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി:)

(എ) വൈസ് ചാൻസലർസ്ഥാനം ഒഴിവുവന്നിട്ടു് ഏ മാസമായി.

(ബി) കഴിയുന്നതും വേഗത്തിൽ നിയമനം നടത്തണമെന്നാണുദ്ദേശിക്കുന്നതു്. ഈ കാര്യത്തിൽ മി. രാമസ്വാമി മുതലിയാർ അദ്ദേഹത്തിന്റെ സേവനം നല്കാമെന്നു സമ്മതിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly